

കഥ
അശുഭദിനം
വി.എം.ദേവദാസ്
കവിത
പൊടി
കെ.ആർ.ടോണി
അഭിമുഖം
ശങ്കർ
വെങ്കിടേശ്വരൻ
2025 ജൂൺ 22 • വില ₹ 40
മാതൃഭൂമി
ആഴ്ചപ്പതിപ്പ്
ടി.ഡി.രാമകൃഷ്ണൻ
കോരപ്പാപ്പന്
സ്തുതിയായിരിക്കട്ടെ!
നോവൽ തുടങ്ങുന്നു
വസ്തുതാന്വേഷണം
ലഹരിക്കെണിയിലെ കേരളം
നിധീഷ് എം.കെ.

# അരങ്ങ് എന്ന അനുഭൂതി

**ശങ്കർ വെങ്കിടേശ്വരൻ / കെ. എൻ. ഷാജി**

**പുതിയ നാടകങ്ങളും നാടകപരീക്ഷണങ്ങളും മലയാള നാടകത്തിൽ പലതലങ്ങളിൽ നടക്കുന്നുണ്ട്. അവയിൽ ശ്രദ്ധേയമായ ചലനങ്ങൾ സൃഷ്ടിക്കുന്നവയാണ് ശങ്കർ വെങ്കിടേശ്വരന്റെ നാടകങ്ങൾ. ഇന്ത്യയ്ക്കകത്തും പുറത്തും അവതരണങ്ങൾ കൊണ്ടും സർഗാത്മകതയുടെ സവിശേഷതകൾ കൊണ്ടും ഈ നാടകങ്ങൾ ചർച്ച ചെയ്യപ്പെട്ടു. നാടകത്തിലേക്ക് കടന്നുവന്ന വഴികളും വ്യത്യസ്ത രാജ്യങ്ങളിലെ നാടകാനുഭവങ്ങളും തന്റെ നാടകസങ്കല്പവും ജീവിതാനുഭവങ്ങളും പങ്കുവെയ്ക്കുകയാണ് ശങ്കർ വെങ്കിടേശ്വരൻ.**

മലയാള നാടകവേദിയിലെ യുവസംവിധായകനിരയിലെ പ്രതിഭ തെളിയിച്ചവരിൽ അദ്വിതീയനാണ് ശങ്കർ വെങ്കിടേശ്വരൻ.


വൈലോപ്പിള്ളി

വൈലോപ്പിള്ളി ശ്രീധരമേനോന്റെ പ്രസിദ്ധ കവിത സഹ്യന്റെ മകനെ ഉപജീവിച്ച് ശങ്കർ അരങ്ങിൽ ആവിഷ്കരിച്ച *സഹ്യന്റെ മകൻ- ദി എലിഫെന്റ് പ്രോജക്ട്* (2008) അവിസ്മരണീയമായ നാടകാനുഭവമായിരുന്നു. നാലരയടി മാത്രം ഉയരമുള്ള, ജപ്പാനിലെ പ്രശസ്തനടി മികരി(micari) യാണ് മദപ്പാടുള്ള കൊമ്പനാനയായി വേദിയിൽ വിസ്മയം തീർത്തത്. ഈ പരീക്ഷണത്തോടെ നാടകലോകം ശങ്കറെ ശ്രദ്ധിച്ചുതുടങ്ങി.

ആന്റൺ ചെക്കോവ്


കോഴിക്കോട് സ്വദേശിയായ ശങ്കർ, സ്കൂൾ ഓഫ് ഡ്രാമയിൽനിന്ന് നാടകത്തിൽ ബിരുദം നേടി. തുടർന്ന്, സിങ്കപ്പൂരിലെ ഇന്റർ കൾച്ചറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ തിയേറ്ററിൽ ഉപരിപഠനം. 2007-ൽ തിയേറ്റർ റൂട്ട്സ് ആൻഡ് വിങ്സ് സ്ഥാപിച്ചു. പിന്നീട്, റിച്ചാർഡ് മർഫറ്റിന്റെ *ക്വിക്ക് ഡെത്ത്* സംവിധാനം ചെയ്തു. ഓട്ടോ ഷോഗ എഴുതിയ *വാട്ടർ സ്റ്റേഷൻ* (2011), *101 ലല്ലബീസ്* (2012), ആന്റൺ ചെക്കോവിന്റെ *സീഗൾ* (2011), *ക്രിമിനൽ ആക്ട്* (2017), മൗറിസ് മെയ്റ്റർ ലിങ്കിന്റെ *ഇന്റീരിയർ* (2020), *ഇന്ത്യൻ റോപ്പ് ട്രിക്ക്* (2020) എന്നീ നാടകാവതരണങ്ങൾ കൂടാതെ, കർണാടകത്തിലെ 'നീനാസ'ത്തിനുവേണ്ടി ഭാസന്റെ *ഊരുഭംഗം* (2011), ജപ്പാനിലെ ഷിൻഷു യൂണിവേഴ്സിറ്റിക്കുവേണ്ടി *തേജ് ഡെർ ഡങ്കൻ ഹിറ്റ്* (2016), ജർമനിയിലെ മ്യൂണിക് ഫോക്സ് തിയേറ്ററിനുവേണ്ടി *ഇൻഡിക്ക* (2017), സിങ്കപ്പൂർ ഇൻറർ കൾച്ചറൽ തിയേറ്റർ ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി *വെൻ വി ഡെഡ് എവേക്കൺ* (2018) എന്നീ നാടകങ്ങൾ ചെയ്തു.

2015, 16 വർഷങ്ങളിൽ കേരളത്തിലെ ITFOK-ന്റെ ആർട്ടിസ്റ്റിക് ഡയറക്ടറായിരുന്നു ശങ്കർ. ജർമനിയിലെ സൂറിച്ച് തിയേറ്റർ സ്പെക്ടക്കൽ 2016 ന്റെ ജൂറി മെമ്പറുമായിരുന്നു അദ്ദേഹം. അട്ടപ്പാടിയിലെ മല്ലീശ്വരൻമുടിക്കുതാഴേയുള്ള ആനക്കല്ല് ഗ്രാമത്തിൽ സ്ഥാപിച്ച 'സഹ്യന്റെ തിയേറ്റർ' എന്ന നാടകപ്പുരയിലിരുന്ന്, ശങ്കർ നാടകയാത്രകൾ പങ്കുവയ്ക്കുന്നു.

**■ കെ.എൻ. ഷാജി: ശങ്കർ, നാടകം താങ്കളുടെ തലയ്ക്കുപിടിച്ചത് എന്നാണ്?**

**ശങ്കർ വെങ്കിടേശ്വരൻ:** കോഴിക്കോട് ദേവഗിരി കോളേജിൽ പഠിക്കുമ്പോൾ ഞങ്ങൾക്ക് ഒരു നാടകക്ലബ്ബുണ്ടായിരുന്നു. ഇംഗ്ലീഷ് നാടകങ്ങളാണ് അവതരിപ്പിച്ചിരുന്നത്. ഇപ്പോൾ ദില്ലി *ദ ഹിന്ദു* പത്രത്തിലുള്ള കൃഷ്ണദാസ് രാജഗോപാൽ, കൊൽക്കൊത്ത സത്യജിത് റായ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ ഡീൻ വിപിൻ വിജയ് എന്നിവരടങ്ങിയ ആ സംഘം സജീവമായിരുന്നു. അവർക്കൊപ്പം ചേർന്നപ്പോ ▸


ശങ്കർ വെങ്കിടേശ്വരൻ

▸ഴാണ് ഗൗരവമായി നാടകം കണ്ടുതുടങ്ങിയത്. ഞങ്ങൾ പി.എം. താജ് അനുസ്മരണ നാടകം ചെയ്തു. സമ്മാനം കിട്ടി. അക്കാലത്ത് ജോസ് ചിറമേൽ മാനാഞ്ചിറ സ്ക്വയറിൽ വന്നിരിക്കാറുണ്ടായിരുന്നു. അങ്ങനെ നാടകം തലയ്ക്കുപിടിച്ചു. ഫിസിക്സ് ബിരുദത്തിലുള്ള താത്പര്യം നഷ്ടപ്പെട്ടു. നാടകത്തിൽ മുഴുകി, പഠിപ്പുമുടങ്ങി. പരീക്ഷ എഴുതിയില്ല, പഠനം ഉപേക്ഷിച്ചു. ഞാൻ ഡിഗ്രി പാസാവണമെന്ന് അച്ഛന് നിർബന്ധമായിരുന്നു. അച്ഛൻ ബാങ്ക് ഉദ്യോഗസ്ഥനായിരുന്നു. അപ്പോഴാണ് ഒരു വഴിതെളിഞ്ഞത്. തൃശ്ശൂരിൽ ഡ്രാമാസ്കൂളിൽ ചേരുക. നാടകവും പഠിക്കാം ഡിഗ്രിയും കിട്ടും. വീട്ടുകാർ അറിയാതെയാണ്


പി.എം. താജ്

സി.എൻ. ശ്രീകണ്ഠൻ നായർ


ചേർന്നത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള സ്ഥാപനമായതിനാൽ അച്ഛൻ ഒന്ന് മയപ്പെട്ടു.

**■ ഡ്രാമാസ്കൂൾ പഠനം എങ്ങനെ? അന്ന് വയലാ വാസുദേവൻപിള്ളയായിരുന്നല്ലോ ഡയറക്ടർ?**

അതെ. രാമചന്ദ്രൻ മൊകേരി, എം.കെ. നമ്പ്യാർ എന്നിവർ പ്രൊഫസർമാർ. പ്രൊഫ. രാമാനുജം വിസിറ്റിങ് പ്രൊഫസർ. ഞങ്ങൾക്ക് നല്ല അധ്യാപകരെ ലഭിച്ചു എന്നത് പ്രധാനമാണ്. സംവിധാനം ഐച്ഛികവിഷയമായ കോഴ്സാണ് ബിടിഎ. ഡിഗ്രി ഫൈനൽ ഇയറിൽ ജപ്പാനിൽ പോവാൻ ഒരു അവസരം ലഭിച്ചു. സി.എൻ. ശ്രീകണ്ഠൻ നായരുടെ സാകേതം ചെയ്യാനാണ് പോയത്. അഭിലാഷ് പിള്ളയായിരുന്നു സംവിധാനം. അദ്ദേഹം RADO (Royal Accademy of Dramatic Arts) പഠിച്ചുവന്നതിനുശേഷം ചെയ്ത നാടകമാണ് സാകേതം. അതാണ് യാത്രയ്ക്ക് പ്രേരകമായത്. ജപ്പാനിലെ ഒരു തിയേറ്റർ ഗ്രൂപ്പ് ഞങ്ങൾക്ക് ഫുക്കുവോക്ക, ടോക്യോ നഗരങ്ങളിൽ നാലുകളികൾ തന്നു. ഈ നാടകം പലരുടേയും കണ്ണുതുറപ്പിച്ചു. ജപ്പാനിലെ തിയേറ്റർകാരുടെ സിസ്റ്റമാറ്റിക് രീതികളും തികഞ്ഞ പ്രൊഫഷണലിസവും വലിയ പ്രചോദനവും പ്രത്യാശയും നൽകി. ഞാൻ പഠിക്കുന്ന കാലത്ത് മലയാള നാടകവേദി ഒരു ഇരുണ്ട


സഹ്യന്റെ തീയേറ്ററിലെ ഒരു നാടക അവതരണം

ഫോട്ടോ: എ.ജെ. ജോജി



കാലഘട്ടത്തിലൂടെ കടന്നുപോവുകയായിരുന്നു.

അവിടെവെച്ചാണ് എന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവുണ്ടാവുന്നത്. എന്റെ ജീവിതപങ്കാളിയെ കണ്ടെത്തി. അവർ ഞങ്ങളുടെ പരിഭാഷകയായി വന്നതാണ്. ഇന്ത്യയിൽനിന്നുവന്ന സംഘത്തെ സഹായിക്കാൻ ടോക്യോ യൂണിവേഴ്സിറ്റിയിലെ ഫോറിൻ സ്റ്റഡീസിലെ കുട്ടികൾ വൊളന്റിയർമാരായുണ്ടായിരുന്നു. ആ കൂട്ടത്തിലുള്ള പെൺകുട്ടിയായിരുന്നു സതോകോ (Satoko). അവർ ഹിന്ദിയായിരുന്നു പഠിച്ചിരുന്നത്. നമ്മുടെ നാടകം മലയാളത്തിലാണെന്ന് അവർക്കറിയില്ലല്ലോ. ആ സംഘത്തിൽ ഹിന്ദി സംസാരിക്കുന്ന ആൾ ഞാൻ


ശങ്കർ വെങ്കിടേശ്വരനും സതോകോയും

ഫോട്ടോ: എ.ജെ. ജോജി

**അവിടെവെച്ചാണ് എന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവുണ്ടാവുന്നത്. എന്റെ ജീവിതപങ്കാളിയെ കണ്ടെത്തി. ഇന്ത്യയിൽനിന്നുവന്ന സംഘത്തെ സഹായിക്കാൻ ടോക്യോ യൂണിവേഴ്സിറ്റിയിലെ കുട്ടികൾ വൊളന്റിയർമാരായുണ്ടായിരുന്നു. ആ കൂട്ടത്തിലുള്ള പെൺകുട്ടിയായിരുന്നു സതോകോ.**

മാത്രമായിരുന്നു.

**■ കോഴ്സ് കഴിഞ്ഞ് പിന്നീട് എന്തുചെയ്തു ?**

നാടകം സംവിധാനംചെയ്യാൻ ചില ശ്രമങ്ങൾ നടത്തിനോക്കി. അതത്ര എളുപ്പമായിരുന്നില്ല. പുതിയ ഒരാളെ സമിതികൾ എന്തു ധൈര്യത്തിലാണ് സംവിധാനച്ചുമതല ഏൽപ്പിക്കുക? അമെച്വർ ക്ലബ്ബുകളെയും സമീപിച്ചിരുന്നു. ഒന്നും നടന്നില്ല. രണ്ടു കാരണങ്ങളുണ്ട്. ഡ്രാമാസ്കൂളിൽ സംവിധാനം എളുപ്പമായിരുന്നു. ഒരേ കളരിയിൽ പരസ്പരം മുറ അറിയാമല്ലോ. പ്രൊഫഷണൽ നടന്മാരെ വെച്ച് സംവിധാനം ചെയ്യാൻ ബുദ്ധിമുട്ടായി തോന്നി. അവർക്ക് അഭിനയത്തെക്കുറിച്ച് ധാരണയില്ല. അപ്പോൾ അഭിനയം പഠിക്കണമെന്ന

വയലാ വാസുദേവൻ പിള്ള


ആഗ്രഹമുണ്ടായി. അങ്ങനെയാണ് സിങ്കപ്പൂരിലുള്ള ഡ്രാമാസ്കൂൾ കണ്ടെത്തിയത്.

**■ എങ്ങനെയാണത്?**

ജപ്പാനിൽനിന്നു വരുംവഴി സിങ്കപ്പൂരിൽ ഇറങ്ങിയിരുന്നു. പുതുതായി തുടങ്ങിയ സ്കൂളായിരുന്നു അത്. തുടങ്ങുംമുൻപ് ലോകമെമ്പാടുമുള്ള നാടക സെന്ററുകളുമായി അവർ ബന്ധപ്പെട്ടിരുന്നു. വയലാ സാറിനെയും ബന്ധപ്പെട്ടിരുന്നു. അവരുടെ ബ്രോഷർ കണ്ടു. ഒരു സർട്ടിഫിക്കറ്റ് കോഴ്സാണ്. മൂന്നുവർഷം ഡിഗ്രിയോ ഡിപ്ലോമയോ ഇല്ല. ഏഷ്യയിലെ നാല് ട്രഡീഷണൽ ഫോംസ് അവർ പഠിപ്പിച്ചു. ഒരു സെമസ്റ്റർ ആറുമാസം. അതിൽ കൂടിയാട്ടം ഒരു സെമസ്റ്ററായിരുന്നു. ഒന്ന് ജപ്പാനിലെ നോ (Noh) തിയേറ്റർ. മറ്റൊന്ന് ബെയ്ജിങ് ഓപ്പറ. വേറൊന്ന് വയങ്. ഇതുകൂടാതെ തായ്ച്ചി എന്ന ആയോധനകലയുമുണ്ട്. ചൈനീസ് സൗന്ദര്യശാസ്ത്രത്തിൽനിന്ന് ഉരുത്തിരിഞ്ഞതാണ്. തായ്ച്ചി മെഡിറ്റേഷൻ എല്ലാദിവസവും രാവിലെ ഒരുമണിക്കൂർ ഉണ്ട്. അങ്ങനെ ▸

▸ സമഗ്രമായ ഒരു കോഴ്സ്.

**▪ പഠനച്ചെലവുകൾ എങ്ങനെ സ്വരൂപിച്ചു?**

എനിക്ക് സ്കോളർഷിപ്പ് കിട്ടി. അവർ ഇന്ത്യയിൽനിന്നും ചൈനയിൽനിന്നുമുള്ള വിദ്യാർഥികൾക്ക് സ്കോളർഷിപ് കൊടുത്തിരുന്നു. മാസം 400 ഡോളർ. താമസം, ഭക്ഷണം, ട്യൂഷൻ ഫീസ് എന്നിവ അവർ കൊടുക്കും. വേണമെങ്കിൽ പാർട്ട്ടൈം ജോലിയും ചെയ്യാം. ഞാൻ പെയിന്റിങ് സ്റ്റുഡിയോയിൽ മോഡലായി ഇരിക്കും. ശനി, ഞായർ ദിവസങ്ങളിൽ മൂന്നുമണിക്കൂർ ഒറ്റ സ്ട്രെച്ചിൽ ഇരിക്കണം. ഇടയ്ക്ക് 15 മിനിറ്റ് ബ്രേക്ക് തരും. ഞാൻ കണ്ണിമപോലുംവെട്ടാതെ ഇരുന്നുകൊടുക്കും! അങ്ങനെ തട്ടിമുട്ടി ചെലവുകൾ കൂട്ടിമുട്ടിച്ചു. ഇംഗ്ലീഷ്, ചൈനീസ് ഭാഷകളാണ് മീഡിയം. ഇംഗ്ലീഷിൽ പഠിപ്പിക്കുമ്പോൾ ചൈനീസ് ട്രാൻസ്ലേറ്റർ ഉണ്ടാവും. ചൈനീസിൽ പഠിപ്പിക്കുമ്പോൾ ഇംഗ്ലീഷും. എന്റെ നാലു സഹപാഠികൾ ചൈനക്കാരായിരുന്നു. ഒരാൾ മെയിൻലാൻഡ്. ഒരാൾ സിങ്കപ്പൂർ. മറ്റൊരാൾ മലേഷ്യ. വളരെ വ്യത്യസ്തമായ ഡയലക്ടുകൾ. പക്ഷേ, എല്ലാവർക്കും മാൻഡറിൻ വായിക്കാനും സംസാരിക്കാനുമറിയാം. ആർക്കും ഇംഗ്ലീഷ് അറിയില്ല.

**▪ ശങ്കർ ചൈനീസ് ഭാഷ പഠിച്ചോ?**

ഞാൻ കുറച്ചു പഠിച്ചു. അതുപോലെ അവർ ഇംഗ്ലീഷും. ആ ഇന്റർ കൾച്ചറൽ കോൺടെക്സ്റ്റിലാണ് എനിക്ക് 'സൈലൻസ്' എന്ന ആശയം മനസ്സിലെത്തുന്നത്. ഒരു വഴി അടയുമ്പോൾ മറ്റൊന്ന് തുറക്കുമല്ലോ. പഠനശേഷം പത്തുവർഷത്തോളം ഞാൻ ചെയ്ത നാടകങ്ങളിൽ ഡയലോഗ് ഇല്ല. അതായത് ടെക്സ്റ്റ് ഇല്ല. എന്നാൽ മൈമോ, ഡാൻസോ പോലെയല്ല. നാം ജീവിതത്തിൽ എൺപതുശതമാനവും മൗനത്തിൽ കഴിയുന്നവരാണ്. സംസാരിക്കുമ്പോൾ പകുതി വാക്കും ബാക്കി മൗനവുമാണ്. ഒരാൾ ജോലി ചെയ്യുമ്പോൾ നിശ്ശബ്ദനായിരിക്കും. മൈമിലെ സൈലൻസ് അല്ല, ഡാൻസിൽ കാണുന്ന നോൺവെർബാലിറ്റിയുമല്ല. ദൈനംദിന ജീവിതത്തിലെ നിശ്ശബ്ദതകളെ നാടകമാക്കാനുള്ള ഒരു മെത്തേഡ് ഡിവലപ്ചെയ്തു. പത്തുവർഷത്തെ പരിശ്രമംകൊണ്ട് നേടിയെടുത്തതാണ്. ഇതുചെയ്യാൻ പ്രാപ്തമായ ഒരു വൊക്കാബുലറി വികസിപ്പിച്ചെടുത്തു.


അട്ടപ്പാടിയിലെ ആനക്കല്ല് ഗ്രാമത്തിൽ സ്ഥാപിച്ച സഹ്യന്റെ തിയേറ്റർ

ഫോട്ടോ: റോഷൻ പി. ജോസഫ്


സഹ്യന്റെ മകൻ- ദി എലിഫെന്റ് പ്രോജക്ട്. ITFOK 2019 ൽ നടന്ന അവതരണം


വെൻ വി ഡെഡ് എവേക്കൺ

ഫോട്ടോ: ശങ്കർ വെങ്കിടേശ്വരന്റെ ശേഖരത്തിൽനിന്ന്






വാട്ടർ സ്റ്റേഷൻ. 2016ൽ ജപ്പാനിലെ ക്യോട്ടോയിൽ നടന്ന അവതരണത്തിൽനിന്ന്

ഫോട്ടോ Yuki Moriya

രണ്ടുമണിക്കൂർ നീണ്ടുനിൽക്കുന്ന വാട്ടർ സ്റ്റേഷൻ എന്ന നാടകത്തിൽ ഇതു പരീക്ഷിച്ചു. ഷഗോ ഒട്ടാ എന്ന നാടകകൃത്തിന്റേതാണ് രചന. സംഭാഷണം ഇല്ല. രണ്ടുപ്രാവശ്യം തൃശ്ശൂരിൽ റിഹേഴ്സൽ ചെയ്ത് ഇന്ത്യയിൽ ആകമാനം കളിച്ചു. അട്ടപ്പാടിയിൽ റിഹേഴ്സൽ ചെയ്തു. ജപ്പാനിൽ കളിച്ചു. ഗോപാലൻ, ജയസൂര്യ, ഷാജി പട്ടാമ്പി എന്നിവർ ഉണ്ടായിരുന്നു. കേരളത്തിൽ നിന്നുള്ള നാലുനടന്മാരുണ്ട്. ഇന്ത്യയുടെ എല്ലാ ഭാഗത്തുനിന്നുള്ള ആളുകളുമുണ്ട്. അസം, കർണാടക, തമിഴ്നാട്, മഹാരാഷ്ട്ര, സെൻട്രൽഇന്ത്യ. ഇതൊരു പാനിന്ത്യൻ നാടകമാണ്. നിശ്ശബ്ദമായതിനാൽ ഭാഷ പ്രശ്നമല്ല. വളരെ വ്യത്യസ്തമായ സാമൂഹികപശ്ചാത്തലമുള്ള നടന്മാരാണ്. കോഴിക്കോട് കളിച്ചിരുന്നു.

**പഠിപ്പുകഴിഞ്ഞ് പത്തുവർഷം നാടകമല്ലാതെ വേറൊരു വരുമാനമില്ല. നാടകമുണ്ടാക്കാൻ സഹായം തേടുക, അതു കളിച്ച് കടംവീട്ടുക, വലിയ ബുദ്ധിമുട്ടായിരുന്നു. ഇന്ത്യയുടെ നാനാഭാഗത്തുനിന്നുമുള്ള പതിനേഴ് നടന്മാരെ 45 ദിവസം താമസിപ്പിച്ച് റിഹേഴ്സൽ ചെയ്യുക ശ്രമകരമാണ്. ലക്ഷക്കണക്കിന് രൂപ കടമെടുത്തിട്ടുണ്ട്.**


വാട്ടർ സ്റ്റേഷനിൽ ഗോപാലൻ. 2011 ൽ നടന്ന അവതരണം

പഠിപ്പുകഴിഞ്ഞ് പത്തുവർഷം നാടകമല്ലാതെ വേറൊരു വരുമാനമില്ല. നാടകമുണ്ടാക്കാൻ സഹായം തേടുക, അതു കളിച്ച് കടംവീട്ടുക, വലിയ ബുദ്ധിമുട്ടായിരുന്നു. ഇന്ത്യയുടെ നാനാഭാഗത്തുനിന്നുമുള്ള പതിനേഴ് നടന്മാരെ 45 ദിവസം താമസിപ്പിച്ച് റിഹേഴ്സൽ ചെയ്യുക ശ്രമകരമാണ്. ലക്ഷക്കണക്കിന് രൂപ കടമെടുത്തിട്ടുണ്ട്. എല്ലാ നാടകങ്ങളും സ്വന്തമായി പ്രൊഡ്യൂസ് ചെയ്തതാണ്. സഹ്യന്റെ മകൻ കൊറിയയിൽ ▸



ക്രിമിനൽ ട്രൈബ്സ് ആക്ട്. ജപ്പാനിലെ ക്യോട്ടോയിൽ നടന്ന അവതരണം

ഫോട്ടോ: Takuya Matsumi

▶ കളിച്ചിരുന്നു. വിദേശത്ത് കളിക്കുമ്പോൾ താരതമ്യേന നല്ല പ്രതിഫലം ലഭിക്കും. എന്റെ ഭാഗ്യം ജർമനിയിലും ജപ്പാനിലും സിങ്കപ്പൂരിലും പരിചയമുള്ള തിയേറ്ററുകളിൽ നാടകം കളിക്കാൻ സാധിക്കും എന്നതാണ്. ജർമനിയിൽ മൂന്ന് നാടകങ്ങൾ ചെയ്തിട്ടുണ്ട്. ഇതെല്ലാം വരുമാനമാർഗങ്ങളാണ്. നോർവീജിയൻ എംബസിയുടെ സഹായം കിട്ടിയിട്ടുണ്ട്. ഇബ്സന്റെ രണ്ട് നാടകങ്ങൾ ചെയ്തിട്ടുണ്ട്.

ഏറ്റവും കൂടുതൽ ബുദ്ധിമുട്ടിയിട്ടുള്ളത് സ്ഥലത്തിനാണ്. റിഹേഴ്സൽ ചെയ്യാനും അരങ്ങേറാനുമുള്ള സ്ഥലം. നാടകം നടത്താൻ ഫെസ്റ്റിവലിനു പോകാം. പക്ഷേ, റിഹേഴ്സലിനു സ്ഥലംകിട്ടാനാണ് പ്രയാസം. ഏകദേശം ദിവസം എട്ടുമണിക്കൂർവെച്ച് 45 ദിവസം റിഹേഴ്സൽ ചെയ്യേണ്ടിവരും. 2008-ൽ *സഹ്യന്റെ മകൻ* ചെയ്യുമ്പോൾ വലിയൊരു പ്രതിസന്ധിയുണ്ടായി. അതൊരു വലിയ പരീക്ഷണമായിരുന്നു. നാലടി ഉയരമുള്ള ഒരു സ്ത്രീയായിരുന്നു കൊമ്പനാനയായി അഭിനയിച്ചത്. കാസ്റ്റിങ്ങിൽത്തന്നെ നിലവിലുള്ള പൗരുഷത്തെ ഞാൻ തകർത്തുകളഞ്ഞു. വൈലോപ്പിള്ളിയുടെ കവിത വായിക്കാത്ത ഒരാൾ, ആനയെ നേരിട്ട് കാണാത്ത ഒരാൾ ആനയായി അഭിനയിക്കുക, അസംഭവ്യമാണത്. ജപ്പാനിലെ പ്രശസ്തനടി മികരി ആയിരുന്നു ആനയായി പകർന്നാടിയത്. ജപ്പാനിൽ ആനയില്ല. ഇന്റർകൾച്ചറൽ ടെറിട്ടറി എന്ന നാടകസങ്കല്പം പ്രധാനമാണ്. എന്റെ എല്ലാ നാടകത്തിലും പരസ്പരബന്ധമില്ലാത്ത സംസ്കാരത്തിൽനിന്നുള്ള ആളുകളുണ്ടാകും. അത് പുതിയൊരു ദൃശ്യഭാഷ കണ്ടെത്താൻ സഹായിക്കും.



സഹ്യന്റെ മകൻ- ദി എലിഫെന്റ് പ്രോജക്ടിൽ ആനയായി ജപ്പാനിലെ പ്രശസ്തനടി മികരി



ഇബ്സൻ

**■ പത്തുവർഷത്തെ പരീക്ഷണങ്ങൾക്കുശേഷം എന്താണുണ്ടായത്?**

ഞാൻ സംഭാഷണപ്രധാനമായ നാടകങ്ങൾ ചെയ്തുതുടങ്ങി. *ക്രിമിനൽ ട്രൈബ്സ് ആക്ട്* കോഴിക്കോട്ടുനടന്ന സബാംട്ടേൺ ഫെസ്റ്റിവലിൽ അരങ്ങേറി. ഇതിൽ ഒരാൾ ദില്ലിയിൽനിന്നുള്ള ഇംഗ്ലീഷ് സംസാരിക്കുന്ന ആളാണ്. വെളുത്തുസുന്ദരൻ. ഭാഷയിൽ ആധികാരികതയുള്ള ഒരാൾ. മറ്റൊരാൾ നന്നായി കറുത്തിട്ട്, കന്നഡ മാത്രം അറിയാവുന്ന ആൾ. ഇവരെ രണ്ടുപേരെയും വെച്ച് നാടകം പൂർത്തീകരിക്കാമോ എന്ന പരീക്ഷണമായിരുന്നു നാടകം. രണ്ടുനടന്മാരും സ്റ്റേജിൽ വന്നിട്ട് കാണികളെ പരിചയപ്പെടുന്നു. എന്നിട്ട് പരസ്പരം നോക്കിയിട്ട്, ഇംഗ്ലീഷുകാരൻ പറയും: "ഗുഡ് ഈവനിങ് എവരിവൺ, ഐയാം റൂഡി, ആക്ടർ ആൻഡ് തിയേറ്റർ മേക്കർ."

മറ്റെയാൾ പറയും: "നാനു ചന്ദ്രു, ആക്ടർ തിയേറ്റർ മേക്കർ."

ഇംഗ്ലീഷിൽ സബ്ടൈറ്റിൽ ഉണ്ട്. കന്നഡയ്ക്ക് ഇല്ല.

ദില്ലിവാല 'ഐയാം ഫ്രം ദില്ലി', മറ്റെയാൾ 'ഐ സ്പീക്ക് കന്നഡ' എന്നുപറയുമ്പോൾ സബ്ടൈറ്റിൽ വരും. വിദേശത്ത് കളിക്കുമ്പോൾ സബ്ടൈറ്റിൽ പ്രധാന ഘടകമാണ്. I act as if speak English, I act as if i undestand kannada, ഒരാൾ കന്നഡ മനസ്സിലാക്കുന്നതുപോലെ അഭിനയിക്കും. മറ്റെയാൾ ഇംഗ്ലീഷ് പറയുന്നതുപോലെയും അഭിനയിക്കും. ഇതിലെ വിഷയം ജാതിയാണ്. ഹ്യൂമൻ റൈറ്റ് ആക്ട് ആണ് കേന്ദ്രബിന്ദു. 1872-ലെ ബ്രിട്ടീഷ് നിയമം അനുസരിച്ച് ഒരു പ്രത്യേകഗോത്രക്കാർ പാരമ്പര്യമായി ക്രിമിനലുകളാണ്. ബ്രിട്ടീഷുകാർ പ്രാദേശികർക്കെതിരേ പ്രയോഗിച്ച നിയമം.

**■ മറാഠയിലെ പ്രമുഖ ദലിത് എഴുത്തുകാരൻ ലക്ഷ്മൺ ഗെയ്ക്വാദ് ഈ കമ്യൂണിറ്റിയിലെ അംഗമാണ്. അദ്ദേഹത്തിന്റെ ആത്മകഥ ഉചല്യ വളരെ പ്രസിദ്ധമാണ്.**

ഈ രണ്ടുപേരുടെ ഇടയിലും ജാതിയുണ്ട്. 'തൊട്ടുകൂടാത്തവൻ' എന്നാണ് ചന്ദ്രു സ്വയം വിശേഷിപ്പിക്കുന്നത്. ദില്ലിയിലെ നാനുസംസ്കാരത്തിൽ ജീവിച്ച റൂഡിക്ക് ജാതി എന്താണെന്നറിയില്ല. ഇന്ത്യൻ സമൂഹത്തിലെ ചാതുർവർണ്യം അറിയാം. പക്ഷേ, അതിന്റെ പ്രത്യാഘാതങ്ങൾ അറിയില്ല. അയാൾ മറ്റെയാളോട് ചോദിക്കുകയാണ്: "എന്താണ് ജാതി?" അയാളത് വിശദീകരിക്കുന്നു. അയാൾ മനസ്സിലായതുപോലെ നടിച്ച് ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തുന്നു. അവതരണമാണ് പ്രധാനം. കുറച്ചുകഴിയുമ്പോൾ ചന്ദ്രുവിന്റെ കഥ അയാൾ അഭിനയിച്ചുതുടങ്ങുന്നു. അതോടെ ചന്ദ്രുവിന്റെ റോൾ നഷ്ടമാവുന്നു. റൂഡി അത് ഹൈജാക്ക് ചെയ്യുന്നു. കാരണം അയാൾക്കേ ഭാഷയുള്ളൂ. അയാൾ പറയുന്നു "അയാം ഒറിജിനൽ ചന്ദ്രു, ബട്ട് വി ഹാവ് ടു ട്രാൻസ്ലേറ്റ്!"

**'തൊട്ടുകൂടാത്തവൻ' എന്നാണ് ചന്ദ്രു സ്വയം വിശേഷിപ്പിക്കുന്നത്. ദില്ലിയിലെ നാനു സംസ്കാരത്തിൽ ജീവിച്ച റൂഡിക്ക് ജാതി എന്താണെന്നറിയില്ല. ഇന്ത്യൻ സമൂഹത്തിലെ ചാതുർവർണ്യം അറിയാം. പക്ഷേ, അതിന്റെ പ്രത്യാഘാതങ്ങൾ അറിയില്ല. അയാൾ മറ്റെയാളോട് ചോദിക്കുകയാണ്: "എന്താണ് ജാതി?"**



സഹ്യന്റെ മകൻ- ദി എലിഫെന്റ് പ്രോജക്ട്. ഡൽഹിയിൽ നടന്ന അവതരണത്തിൽനിന്ന്



ശങ്കർ വെങ്കിടേശ്വരനും സതോകോയും ജർമനിയിൽ

**■ ഇതിൽ ഹ്യൂമർ ഉപയോഗിച്ചിരുന്നോ?**

ഹ്യൂമറിന്റെ അന്തർധാര. ചിരി ജീവനാണ്. വളരെ അസ്വസ്ഥമായ കാരണങ്ങളിലേക്ക് കടക്കുംമുൻപ് തമാശകളിലൂടെ നാടകം വളരുന്നു. ചന്ദ്രു ചിരിച്ചുകൊണ്ടാണ് പറയുക. റൂഡി തിളയ്ക്കുകയാണ്. ചന്ദ്രു പറയുന്നു: "ഇതു നമ്മ ഊരു ഗുഡിഹള്ളി. ഇല്ലി 450 ഫാമിലി അപ്പർ കാസ്റ്റ്. മധ്യെ ഒന്തു റോഡു വന്തിദേന. റോഡ് നമ്മ വില്ലേജ് ഡിവൈഡ് മാഡുദേ... ഇദ്ദ അപ്പർ ക്ലാസ് ഹൗസു. ഈ ഹൗസുദലി നമുക്കു പ്രവേശനമില്ല. നമ്മ കമ്യൂണിറ്റിക്ക് പ്ലേറ്റ്, ഗ്ലാസ്... വേറെ..."

"ഇതു ബാർബർഷോപ്പു. ബാർബർഷോപ്പിലു നമ്മ കമ്യൂണിറ്റിക്ക് ഹെയർകട്ട് മാഡില്ല..", ഈ യാഥാർഥ്യം അവൻ ചിരിച്ചുകൊണ്ടാണ് പറയുന്നത്. തർജ്ജമചെയ്യുമ്പോഴേക്കും അയാളുടെ രക്തം തിളയ്ക്കും. മാത്രമല്ല, മൈ വില്ലേജ് എന്നാണ് പറയുക. ഫസ്റ്റ് പേഴ്സണിൽത്തന്നെയാണ് തർജ്ജമ. ചന്ദ്രു ചോദിക്കും: "മൈ വില്ലേജ്?" തർജ്ജമയിലൂടെ അയാൾ കഥ തന്റേതാക്കും. അയാൾ നടനാണല്ലോ. മൈ എന്നുപറയുമ്പോൾ തിളയ്ക്കാതിരിക്കാൻ ആവില്ല. ചന്ദ്രുപറയുന്നുണ്ട്: "യു റിലാക്സ്, ഇത് മൈ പ്രോബ്ലം". ഇതാണ് ഞാൻ ടെക്സ്റ്റിലേക്ക് കടക്കുന്ന ആദ്യ നാടകം.

**■ *വാട്ടർസ്റ്റേഷൻ* എന്ന നാടകത്തെക്കുറിച്ച് പറയൂ?**

*വാട്ടർസ്റ്റേഷനിൽ* ഇരുപത്-ഇരുപത്തിരണ്ടോളം വരുന്ന അഭയാർഥികളാണ്. അവർ പത്തിരുപത് ദിവസമായി നടക്കുകയായിരുന്നു. വസ്ത്രങ്ങളൊക്കെ കീറിപ്പറഞ്ഞു മുഷിഞ്ഞ ഭാണ്ഡങ്ങൾ ഏറ്റിയിട്ടുണ്ട്. വരുന്ന പശ്ചാ ▶

▸ത്തലം ഉപയോഗപ്രദമായ സാധനങ്ങളുടെ കൂമ്പാരമാണ്. വീൽചെയർ, സൈക്കിൾ, തത്തക്കൂടുകൾ... ഇവർ പൈപ്പിന്റെ അടുത്തെത്തുന്നു. അതിലൂടെ വെള്ളമൊഴുകുന്നുണ്ട്. നാടകം വളരെ സ്ലോ ആണ്. രണ്ടുമണിക്കൂറാണ് ദൈർഘ്യം. അത് സംവേദനം ചെയ്യുന്ന തലം വ്യത്യസ്തമാണ്. ഭാവനയുടെ തലത്തിലാണ് അത് നടക്കുന്നത്. ഒന്ന്, ടെക്സ്റ്റ് ഇല്ലാതെ എങ്ങനെ നാടകം ചെയ്യാം; രണ്ട്, ടെക്സ്റ്റ് ഉണ്ടാക്കിയെടുത്ത് എങ്ങനെ നാടകം ചെയ്യാം. ഈ രണ്ട് മാർഗങ്ങളാണ് പരീക്ഷിച്ചത്. എനിക്ക് നാടകകൃത്തുക്കളില്ല. നടൻമാരിൽനിന്നുതന്നെ ടെക്സ്റ്റ് ഉണ്ടാക്കിയെടുക്കണം. നാലഞ്ചു നാടകങ്ങളിൽ ഞാനതിനു ശ്രമിച്ചിട്ടുണ്ട്.


വെൻ വി ഡെഡ് എവേക്കൺ, 2012

**▪ പുതിയ നാടകമായ *മൈ നെയിം ഈസ് തമിഴ്* വിശദീകരിക്കാമോ?**

മൂന്നു വ്യത്യസ്ത തമിഴ് സ്വത്വമാണ് നാടകം ചർച്ചചെയ്യുന്നത്. ഒരാൾ നിക്കോളാസ്, ശ്രീലങ്കൻ തമിഴ് വംശജൻ. 35 വയസ്സുണ്ട്. ശ്രീലങ്കയിലെ ആഭ്യന്തരയുദ്ധം 35 വർഷമായി കണ്ടവനാണ്. അയാളുടെ തമിഴ് അനുഭവമാണ്. രണ്ട് ഈ കെട്ടിടത്തിന്റെ ആർക്കിടെക്റ്റ് കവിത. തമിഴ് സ്ത്രീയാണ്. പക്ഷേ, ജനിച്ചത് ഡൽഹിയിൽ, കുറച്ചുകാലം ബെംഗളൂരുവിൽ വളർന്നു. പിന്നെ ചെന്നൈയിലേക്ക് പോയി. അവിടെനിന്ന് പാപ്പുവ ന്യൂഗിനി ദ്വീപിലേക്ക്. പിന്നീട് സാംബിയക്ക്. പഠനത്തിനായി അമേരിക്കയിലേക്കു പോയി. തൊഴിൽപരമായി മാൾട്ടയിൽ താമസിച്ചു. വിവാഹത്തിനു ശേഷം നേപ്പാളിൽ താമസിക്കുന്നു. കുറച്ചുകാലം മുംബൈയിലായിരുന്നു. ഇപ്പോൾ കാനഡയ്ക്ക് പോകാൻ തയ്യാറെടുക്കുന്നു. അമ്പതുവയസ്സുണ്ട്. അവർ തമിഴ് അഭയാർഥികളുടെ ഭാഷയാണ് പഠിച്ചത്; സംഗീതവും നൃത്തവും അവരുടെതാണ്. കവിതയുടെ തമിഴും നിക്കോളാസിന്റെ തമിഴും ഭിന്നമാണ്. പിന്നെ ഞാനാണ്. എന്റെ വീട്ടിൽ മാത്രമേ തമിഴുള്ളൂ. പുറത്തിറങ്ങിയാൽ തമിഴിന് പ്രസക്തിയില്ല.


ബ്രഹ്ത്

**▪ താങ്കൾക്ക് സ്വത്വപ്രതിസന്ധിയുണ്ടോ?**

ഉണ്ട്. എന്റെ തമിഴ് വ്യത്യസ്തമാണ്. മറ്റുരണ്ടുപേരെ സംബന്ധിച്ചിടത്തോളം ഞാൻ തമിഴനേയല്ല. തായ്‌വഴിക്ക് ഞാൻ തമിഴനാണുതാനും. എഴുതാനും വായിക്കാനും അറിയില്ലെങ്കിലും ഞാൻ തമിഴ്നാട്ടുകാരനാണ്. തമിഴ് ഒറിജിനൽ. കാരണം, തമിഴിൽ ചില കാര്യങ്ങൾ കണ്ടാൽ ഞാൻ പ്രകോപിതനാവും.


മൈ നെയിം ഈസ് തമിഴ്

ഫോട്ടോ: ശങ്കർ വെങ്കിടേശ്വരന്റെ ശേഖരത്തിൽനിന്ന്

ഈ പ്ലേയുടെ ആലോചന വരുന്നത് സ്വിറ്റ്സർലൻഡിൽ ഒരു ആർട്ടിസ്റ്റ് റെസിഡൻസിയിൽ താമസിക്കുമ്പോഴാണ്. കഠിനമായ തണുപ്പാണ്, പുറത്തിറങ്ങാൻ പറ്റില്ല. എന്റെ കൈയിൽ ഒരു റേഡിയോ ഉണ്ടായിരുന്നു. അതിൽ ട്യൂൺചെയ്തപ്പോൾ ഒരു തമിഴ് നിലയം കിട്ടി. മുഴുവനും ഭീകരമായ യുദ്ധകഥകളാണ്. പുലികളിൻ കുറൽ (Voice of Tigers) എന്ന വാനൊലിനിലയമാണ്. രണ്ടുരണ്ടര മാസം ഞാനതുകേട്ടു. എന്റെ കാഴ്ചപ്പാടുതന്നെ മാറി. ഇന്ത്യൻ മാധ്യമങ്ങൾ തന്നിട്ടുള്ള ചരിത്രമല്ല റേഡിയോ എനിക്കുനൽകിയത്. ശ്രീലങ്കൻ തമിഴ്ബന്ധം എന്റെ കുടുംബപാരമ്പര്യത്തിലേങ്ങോ കിടപ്പുണ്ട്. ഞാൻ ഗവേഷണമാരംഭിച്ചു. 1989-ൽ ജാഫ്ന ലൈബ്രറി കത്തിച്ചു. ആ സംഭവം അടിസ്ഥാനമാക്കി നാടകം ചെയ്താലോ എന്നു ചിന്തിച്ചു. ബേണിങ് ഓഫ് ദ ജാഫ്ന ലൈബ്രറി. അങ്ങനെയാണ്, *മൈ നെയിം ഈസ് തമിഴ്* നാടകം ഉണ്ടാവുന്നത്. 15 മോണോലോഗാണ്. ഞാൻ സൂത്രധാരനാണ്. മറ്റുരണ്ടു പേർ അവരുടെ ഓർമ്മകൾ വീണ്ടെടുക്കും. ഇബ്സൻ പോലും വിശ്വസനീയമല്ലെന്ന് ഞാൻ വിചാരിക്കുന്നു. ബ്രഹ്ത് പറയുന്നതെന്താ, നടൻമാർ അവരുടെ കാഴ്ചപ്പാടും സ്വത്വവും കാണിയുമായി പങ്കുവയ്ക്കണം എന്നല്ലേ?


ഇൻ മൈ ടൈം ഓഫ് ഡൈയിങ്ങ്

ഫോട്ടോ: Joachim Dette

തിയറി ഓഫ് ഏലിനേഷൻ

**കാണിയെ പ്രകോപിപ്പിച്ച് ഒരു ഭാവനാലോകത്തിൽ എത്തിക്കാൻ പറ്റുമോ? അവിടെയാണ് പങ്കാളിത്തത്തിന്റെ പ്രസക്തി. എല്ലാവരും പങ്കുപറ്റുന്ന ഒരു വൈകാരികസ്ഥലം. എന്റെ മനസ്സിലുള്ളത് ഒരു ഭാരതീയ നാടകസങ്കല്പംതന്നെയാണ്.**

അഭിനയിച്ചിട്ട് അതിൽനിന്നു പുറത്തുവന്ന് പ്രേക്ഷകനെ അഭിസംബോധനചെയ്യണം. പക്ഷേ, നാടകത്തിൽ ബ്രഹ്ത് എഴുതിവെച്ച സംഭാഷണങ്ങളാണ് ഉപയോഗിക്കുന്നത്. അപ്പോൾ അതിൽ സത്യസന്ധതയില്ല. അതിനെ ഫിക്ഷണലൈസ് ചെയ്യാം. അതിനുള്ള സ്വാതന്ത്ര്യമുണ്ട്. അത് യഥാർഥ അനുഭവം ആവില്ലെന്നുമാത്രം.


വെൻ വി ഡെഡ് എവേക്കൺ

ടെക്സ്റ്റ് ഉള്ളവയും ഇല്ലാത്തവയുമായ നാടകപരിശ്രമങ്ങളിലൂടെ ക്ലാസിക്കുകളെ പുനരാവിഷ്കരിക്കാൻ ആഗ്രഹമുണ്ട്. അതിന്റെ ആവിഷ്കാരമായിരിക്കും തിയേറ്റർ. ഭാവനാത്മകമായ പങ്കാളിത്തം പ്രധാനമാണ്. മനസ്സിന്റെ തിയേറ്റർ. അത് മനസ്സുപോലെ ഹ്രസ്വകാലമേ നിലനിൽക്കൂ. അത് പൊയ്ക്കൊണ്ടിരിക്കും. ഭാവനയെ പ്രകോപിപ്പിക്കാനുള്ള ഉപാധികളാണ്. വാക്കായും ചലനമായും ആവിഷ്കാരങ്ങളായും അത് ഭാവനയെ പ്രകോപിപ്പിക്കും. കാണിയെ പ്രകോപിപ്പിച്ച് ഒരു ഭാവനാലോകത്തിൽ എത്തിക്കാൻ പറ്റുമോ? അവിടെയാണ് പങ്കാളിത്തത്തിന്റെ പ്രസക്തി. എല്ലാവരും പങ്കുപറ്റുന്ന ഒരു വൈകാരിക സ്ഥലം. എന്റെ മനസ്സിലുള്ളത് ഒരു ഭാരതീയ നാടകസങ്കല്പം തന്നെയാണ്. അഭിനവഗുപ്തന്റെ സൗന്ദര്യശാസ്ത്രത്തിൽ അനുഭവത്തെപ്പറ്റി പറയുന്നത്, കവിയുടെ അനുഭവം, അഭിനേതാവിന്റെ അനുഭവം, അനുവാചകന്റെ അനുഭവം - ഇതിന്റെയെല്ലാം സമഞ്ജസ സമ്മേളനം എന്നാണ്. കാണിയുടെ മനസ്സിലും ചിലകാര്യങ്ങൾ പ്രകോപിപ്പിക്കുന്നുണ്ട്. അങ്ങനെ നടനും പ്രേക്ഷകനും താദാത്മ്യം പ്രാപിക്കുന്ന അനുഭൂതിവിശേഷം. അടുത്ത കാലത്ത് എന്നെ പ്രചോദിപ്പിച്ച സൗന്ദര്യശാസ്ത്രകാരനാണ് അഭിനവഗുപ്തൻ. ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽനിന്ന് അഭിനവഗുപ്തനെക്കുറിച്ചുള്ള മുഴുവൻ രേഖകളും ശേഖരിച്ച് ഞാൻ ചോദിച്ചു: "ഇനി അഭിനവഗുപ്തനായി സംസാരിക്കൂ. എന്താണ് ഏറ്റവും പ്രൊഫഷണലായിട്ടുള്ള തിയേറ്റർ അനുഭവം?"

മറുപടി ഇതാണ്: "ശാന്തരസത്തിന്റെ അനുഭൂതി."

ശരിയാണ്, അത് കാണികളിൽ സന്നിവേശിപ്പിക്കാൻ സാധിച്ചാൽ അതിൽപ്പരമൊന്നുമില്ല. അതാണ് ആത്യന്തികസത്യം!▪